# INDIAN SCHOOL AL WADI AL KABIR

| CLASS: VII | DEPARTMENT: MALAYALAM | DATE: 05-08-2022 |
|---|---|---|
| Class Note | Lesson: 3 | Topic: അണിഞ്ഞൊരുങ്ങൽ |

**പദപരിചയം**

| | | |
|---|---|---|
| ചന്ദനക്കല്ല് | പൂശുക | പൊന്നരഞ്ഞാൺ |
| കുറി | മെയ്യ് | അഴക് |
| കണ്ണാടി | ആഭരണപ്പെട്ടി | പൊന്മാല |
| തിലകം | കടൽ | കഴുത്ത് |
| തിരുമുടി | പച്ചോലപ്പട്ട് | രാമായണം |
| അഞ്ജനം | പൂക്കുല | പൊന്മുടി |
| കസ്തൂരി | ഞൊറി | അണിഞ്ഞൊരുങ്ങൽ |
| കളഭം | പൊൻതോട | വടക്കൻപാട്ട് |

**അർത്ഥം**

തിലകം = തൊടുകുറി

അഞ്ജനം = കണ്മഷി

കസ്തൂരി = മാനിൽ നിന്നും എടുക്കുന്ന സുഗന്ധവസ്തു

കളഭം = ചന്ദനക്കൂട്ട്

മെയ്യ് = ശരീരം

തോട= സ്ത്രീകൾ കാതിൽ അണിയുന്ന ആഭരണം

ചമയുക = ഒരുങ്ങുക

മീതെ = മുകളിൽ

അഴക് = ഭംഗി

കൂട്ട് = മിശ്രിതം

**പര്യായപദങ്ങൾ**

ചന്ദനം = മാലേയം , മലയജം

കണ്ണാടി = മുകുരം , ദർപ്പണം

കണ്ണ് = മിഴി , നയനം

മെയ്യ് = ശരീരം , ഗാത്രം

കടൽ = ആഴി , സാഗരം

പൊന്ന് = കാഞ്ചനം , കനകം

മുടി = ചികുരം , കേശം

<u>വിപരീതപദം</u>

അരികെ X അകലെ

തുറന്നു X അടച്ചു

<u>വിഗ്രഹിക്കുക</u>

ചന്ദനക്കുറി = ചന്ദനം കൊണ്ട് വരച്ച കുറി

പൊന്നരഞ്ഞാൺ= പൊന്ന് കൊണ്ട് ഉണ്ടാക്കിയ അരഞ്ഞാൺ

അഞ്ജനക്കണ്ണ് = അഞ്ജനമെഴുതിയ കണ്ണ്

പൂക്കുലഞൊറി= പൂക്കുല പോലെയുള്ള ഞൊറി

<u>ഒറ്റപ്പദമെഴുതുക</u>

കുങ്കുമം കൊണ്ട് തൊട്ട പൊട്ട് = കുങ്കുമപ്പൊട്ട്

പൊന്ന് കൊണ്ട് ഉണ്ടാക്കിയ മാല=പൊന്മാല

മെയ്യിൽ  അണിയുന്ന ആഭരണം = മെയ്യാഭരണം

<u>പിരിച്ചെഴുതുക</u>

പീലിത്തിരുമുടി = പീലി + തിരുമുടി

മാലയല്ലോ = മാല + അല്ലോ

ചേർത്തണിഞ്ഞു = ചേർത്ത് + അണിഞ്ഞു

ചന്ദനമുരസി = ചന്ദനം + ഉരസി

<u>ചേർത്തെഴുതുക</u>

പച്ച + ഓല = പച്ചോല

പൊൻ + അരഞ്ഞാൺ = പൊന്നരഞ്ഞാൺ

കണ്ണ് + എഴുതി = കണ്ണെഴുതി

അണിഞ്ഞ് + ഒരുങ്ങൽ = അണിഞ്ഞൊരുങ്ങൽ

<u>ഉത്തരം എഴുതുക</u>

1. എങ്ങനെയുള്ള പട്ടാണ് വടക്കൻപാട്ടിലെ നായിക ഞൊറിഞ്ഞുടുക്കുന്നത് ?
   ഏഴ് കടലോടി വന്ന  പച്ചോലപ്പട്ടാണ് വടക്കൻപാട്ടിലെ നായിക ഞൊറിഞ്ഞുടുക്കുന്നത്.
2. 'അണിഞ്ഞൊരുങ്ങൽ' എന്ന കവിത ഏത് സാഹിത്യവിഭാഗത്തിൽപ്പെടുന്നു ?
   'അണിഞ്ഞൊരുങ്ങൽ' എന്ന കവിത വടക്കൻപാട്ട് എന്ന സാഹിത്യ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്.

3. **ചന്ദനക്കല്ലിന്റെ അരികിൽ ചെന്ന് നായിക എന്താണ് ചെയ്തത് ?**

**ചന്ദനക്കല്ലിന്റെ അരികിൽ ചെന്ന് നായിക ചന്ദനമുരസ്സി കുറി വരയ്ക്കുകയാണ് ചെയ്തത്**.

4. **നായിക കഴുത്തിൽ അണിഞ്ഞിരിക്കുന്ന മാലയുടെ പ്രത്യേകതയെന്ത് ?**

**ഏഴ് ചുറ്റുള്ള മുത്തു പതിച്ച മാലയാണ് നായിക കഴുത്തിൽ അണിഞ്ഞിരിക്കുന്നത്**.

5. **വടക്കൻപാട്ടിലെ സുന്ദരി അണിഞ്ഞിരിക്കുന്ന വള എങ്ങനെയുള്ളതാണ് ?**

**രാമായണം കൊത്തി വച്ചിരിക്കുന്ന വളയാണ് വടക്കൻപാട്ടിലെ സുന്ദരി അണിഞ്ഞിരിക്കുന്നത്.**

***